# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം. 1245 | 20.01.2014 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## പഞ്ചായത്ത് പ്രദേശങ്ങളിൽ വീട് വയ്ക്കുന്നതിനുള്ള ഇളവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി |
| (എ) പഞ്ചായത്ത് പ്രദേശങ്ങളിൽ വീട് വയ്ക്കുന്നതിന് ഈ സർക്കാർ വന്ന ശേഷം ഇളവുകൾ വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നീ സേവനങ്ങൾ ലഭിക്കുന്നതിലേയ്ക്കായി, ചട്ടലംഘനമുള്ളതിനാൽ, നിയമാനുസൃതം കെട്ടിട നമ്പർ അനുവദിച്ച് നൽകാൻ കഴിയാത്ത, നിർമ്മാണം പൂർത്തിയാക്കിയ 100 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക്, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 235 എഎ, 235 ഡബ്ല്യു വകുപ്പുകളിലും, കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 242, 406 എന്നീ വകുപ്പുകളിലും അനുശാസിച്ചിട്ടുള്ള നടപടികൾക്ക് വിധേയമായി, താല്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുവാൻ അതാത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകിക്കൊണ്ട് 04-06-2012-ലെ സ. ഉ (എം.എസ്) നം. 149/12/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, ഉമസ്ഥാവകാശം ഇല്ലാതെയും, താമസിക്കുന്ന കെട്ടിടം അധികൃതമാണോ/അനധികൃതമാണോയെന്ന് പരിശോധിക്കാതെയും 100 ചതുരശ്ര മീറ്റർ വരെയുള്ള വീടുകളിൽ താമസിക്കുന്നവർക്കു കൂടി മേൽ സർക്കാർ ഉത്തരവിലെ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് 04-08-2012-ലെ സ. ഉ (എം.എസ്) നം. 211/12/തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പുഞ്ച, നിലം, വയൽ എന്നീതരം ഭൂമികളിൽ നിലവിൽ 100 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളിൽ താമസിക്കുന്നവർക്കും നൽകാവുന്നതാണെന്ന് |

വ്യക്തമാക്കിക്കൊണ്ട് 11-10-2012-ൽ 38476/ആർഎ1/12/തസ്വഭവ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കെ. എൽ. യു. ആക്ട് - ൽ ഇത്തരത്തിലുള്ള ഇളവുകളുടെ വിശദാംശം നൽകുമോ ; ഇത് സംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) നിലവിൽ പഞ്ചായത്തിനും നഗരസഭകൾക്കും ഗ്രീൻ ബെൽറ്റ് ഏരിയകളിൽ വീട് വയ്ക്കുന്നതിന് കെ. എൽ. യു ആക്ട് - ൽ എന്തെല്ലാം ഇളവുകളാണ് റവന്യൂ വകുപ്പ് നൽകിയിട്ടുള്ളതെന്നുള്ള വിവരം വ്യക്തമാക്കാമോ ?

(ബി) & (സി) 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ സെക്ഷൻ 6(2) പ്രകാരം ഭൂമി പരിവർത്തിതപ്പെടുത്തി വീട് നിർമ്മിക്കുവാൻ അനുമതി നൽകാൻ അധികാരമുണ്ട്. എന്നാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിന് ശേഷം നെൽവയൽ പരിവർത്തനപ്പെടുത്തി വീട് നിർമ്മിക്കുവാൻ അനുമതി നൽകുന്നത് പ്രസ്തുത ആക്ട് പ്രകാരം രൂപീകരിച്ച ജില്ലാതല അധികൃത സമിതിയാണ്.

സെക്ഷൻ ഓഫീസർ